2025 SEPTEMBER
17
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## യെസ് ബാങ്കിന്റെ ഓഹരി ജപ്പാൻ ബാങ്കിന് വിറ്റു: 13,483 കോടി നേട്ടമുണ്ടാക്കി ബാങ്കുകൾ




**മുംബൈ:** യെസ് ബാങ്കിലെ ഓഹരികൾ ജപ്പാനീസ് ബാങ്കായ സുമിറ്റോമോ മിറ്റ്സുയി ബാങ്കിങ് കോർപ്പറേഷന് കൈമാറുന്നതിലൂടെ എസ്ബിഐ ഉൾപ്പടെയുള്ള ബാങ്കുകൾക്ക് ലഭിക്കുക നികുതിയിളവോടെ 13,483 കോടി രൂപ.

യെസ് ബാങ്കിന്റെ പുനരുദ്ധാരണ പദ്ധതിയിലെ വ്യവസ്ഥ പ്രകാരം നിക്ഷേപം നടത്തിയ ബാങ്കുകളെ ഓഹരി വിൽപ്പനയിൽനിന്നുള്ള മൂലധന നേട്ടം നികുതിയിൽനിന്ന് ഒഴിവാക്കിയിരുന്നു. 2020ലെ ഈ വ്യവസ്ഥ പ്രകാരമാണ് ബാങ്കുകൾക്ക് നികുതിയിനത്തിൽ വൻ ആനുകൂല്യം ലഭിക്കുക.


സെബിയുടെ അനുമതി ലഭിച്ചതിനാൽ ഈ പാദത്തിൽ തന്നെ യെസ് ബാങ്കിന്റെ 20 ശതമാനം ഓഹരികൾ ജപ്പാനീസ് ബങ്കിന് കൈമാറും. യെസ് ബാങ്കിന്റെ ബോർഡിലേയ്ക്ക് രണ്ട് നോമിനി ഡയറക്ടർമാരെ നിയമിക്കാൻ റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുണ്ട്.

എസ്ബിഐ, എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, കൊട്ടക് മഹീന്ദ്ര ബാങ്ക്, ആക്സിസ് ബാങ്ക്, ഐഡിഎഫ്സി ഫെസ്റ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, ബന്ധൻ ബാങ്ക് എന്നിവ ചേർന്ന് ഓഹരി ഒന്നിന് 21.50 രൂപ നിരക്കിൽ 20 ശതമാനം ഓഹരികൾ വിൽക്കാനാണ് കരാർ. 2020ൽ ഓഹരിയൊന്നിന് പത്ത് രൂപ നിരക്കിലായിരുന്നു നിക്ഷേപം നടത്തിയത്. എസ്ബിഐയുടെ കൈവശമുള്ള 24 ശതമാനത്തിൽനിന്ന് 8,889 കോടി മൂല്യമുള്ള 13.19 ശതമാനം ഓഹരികളാകും കരാർ പ്രകാരം കൈമാറുക. മറ്റ് ബാങ്കുളെല്ലാംകൂടി 4,594 കോടി മൂല്യമുള്ള 6.81 ശതമാനം ഓഹരികളും നൽകും.

പ്രത്യേക നികുതി ഇളവ് ഇല്ലായിരുന്നുവെങ്കിൽ 12.5 ശതമാനം മൂലധന നേട്ട നികുതി ബാങ്കുകൾക്ക് ബാധകമാകുമായിരുന്നു. പ്രതിസന്ധി നേരിട്ട ബാങ്കിനെ കരകയറ്റാനായിരുന്നു അന്ന് ഇളവ് അനുവദിച്ചത്. സഹായിക്കാൻ മടിച്ച ബാങ്കുകളെ പ്രോത്സാഹിപ്പിക്കുന്നതിനായിരുന്നു ഇത്.

യെസ് ബാങ്കിലെ ഓഹരി പങ്കാളിത്തം 24.99 ശതമാനംവരെ ഉയർത്താൻ ജപ്പാനീസ് ബാങ്കിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. സ്വകാര്യ ഇക്വിറ്റി സ്ഥാപനങ്ങളായ അഡെ്വന്റ്, കാർലൈൽ എന്നിവയിൽ നിന്ന് ശേഷിക്കുന്ന 4.99% ഓഹരികൾ വാങ്ങുകയോ അല്ലെങ്കിൽ സ്വകാര്യ ബാങ്ക് പുറത്തിറക്കുന്ന പ്രിഫറൻഷ്യൽ ഷെയറുകളിൽ നിക്ഷേപിക്കുകയോ ചെയ്തേക്കാമെന്ന് ബന്ധപ്പെട്ട വൃത്തങ്ങൾ അറിയിച്ചു.കടമായും (8,500 കോടി രൂപ) ഇക്വിറ്റിയായും (7,500 കോടി രൂപ) 16,000 കോടി രൂപ യെസ് ബാങ്കിൽ നിക്ഷേപിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടക്കുന്നുണ്ട്. ഫണ്ട് സമാഹരണത്തിന് ബാങ്കിന്റെ ബോർഡിന് ഓഹരി ഉടമകളുടെ അനുമതി ലഭിച്ചിട്ടുണ്ട്.

# സ്മാർട്ട്ഫോൺ കയറ്റുമതി: ഇന്ത്യയ്ക്ക് വൻ കുതിപ്പ്



**മുംബൈ:** ഇന്ത്യയിൽ നിന്നുള്ള സ്മാർട്ട്ഫോൺ കയറ്റുമതി ചരിത്രം കുറിച്ച് മുന്നേറുന്നു. റിക്കാർഡുകൾ തിരുത്തി കുതിക്കുന്ന സ്മാർട്ട്ഫോൺ കയറ്റുമതി നടപ്പുസാമ്പത്തിക വർഷത്തിലെ ആദ്യ അഞ്ച് മാസത്തിൽ ഒരുലക്ഷം കോടി രൂപ കടന്നു. മുൻ സാമ്പത്തിക വർഷത്തെ സമാനകാലയളവിൽ 64,500 കോടി രൂപയുടെ കയറ്റുമതിയാണ് നടന്നത്. ഇക്കുറി 55 ശതമാനം വർധനയാണുണ്ടായിരിക്കുന്നത്.

ആകെ കയറ്റുമതിയിൽ ആപ്പിൾ ഐഫോണുകളാണ് മുന്നിൽ. 75 ശതമാനവും ആപ്പിൾ ഐഫോൺ നിർമാതാക്കളുടെ വകയാണെന്നതും ശ്രദ്ധേയമാണ്. ഫോക്സ്കോൺ, ടാറ്റ ഇലക്ട്രോണിക്സ് എന്നീ കമ്പനികൾ 75,000 കോടി രൂപയുടെ ഫോണുകളാണ് കയറ്റുമതി നടത്തിയത്. 2023-24 സാമ്പത്തിക വർഷത്തിലെ കാലയളവിലെ ആദ്യ അഞ്ച് മാസത്തിലെ കയറ്റുമതി 25,600 കോടി രൂപയായിരുന്നു. അന്ന് 12 മാസത്തിനുള്ളിൽ 90,000 കോടി രൂപയുടെ സ്മാർട്ട്ഫോണുകളാണ് കടൽ കടന്നത്.

കേന്ദ്രസർക്കാർ പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് (പിഎൽഐ) പദ്ധതി സ്മാർട്ട്ഫോൺ നിർമാണ രംഗത്ത് നടപ്പിലാക്കിയതാണ് മേഖലയിൽ വലിയ മാറ്റത്തിന് കാരണമായത്. ഇത് സ്മാർട്ട്ഫോൺ നിമാതാക്കളെ ഇന്ത്യയിൽ നിർമാണ കേന്ദ്രങ്ങൾ വ്യാപിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. ഇതേത്തുടർന്ന് ആപ്പിൾ തമിഴ്നാട്ടിലും കർണാടകയിലും ഉത്പാദനം വർധിപ്പിച്ചുകൊണ്ട് യുഎസ് ഏർപ്പെടുത്തിയ ഉയർന്ന തീരുവയിൽനിന്ന് രക്ഷപ്പെട്ടു. പ്രാദേശിക ഉത്പാദനം, നിക്ഷേപങ്ങൾ, കയറ്റുമതി എന്നിവ വർധിപ്പിക്കാനായി കമ്പനികൾക്ക് ഉത്പാദനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് പിഎൽഐ.

2025ൽ യുഎസ് വിപണിയിലേക്കുള്ള ഭൂരിഭാഗം ഐഫോണുകളും ഇന്ത്യയിൽനിന്നായിരിക്കുമെന്ന് ആപ്പിൾ വ്യക്തമാക്കിയിട്ടുണ്ട്. യുഎസിലേക്കുള്ള ഇന്ത്യയുടെ ഐഫോൺ ഇറക്കുമതി ഗണ്യമായി ഉയരുന്നുണ്ട്. 2025ന്റെ ആദ്യപകുതിയിൽ ഇന്ത്യയിൽ അസംബിൾ ചെയ്ത ഐഫോണുകളുടെ 78 ശതമാനവും യുഎസ് ഇറക്കുമതി ചെയ്തു. കഴിഞ്ഞ വർഷമിത് 53 ശതമാനമായിരുന്നു.

ഏപ്രിൽ-ജൂൺ പാദത്തിൽ പിഎൽഐ സ്കീമിന്റെ ഫലമായി ഇന്ത്യ ചൈനയെ മറികടന്ന് അമേരിക്കയിലേക്കുള്ള മുൻനിര സ്മാർട്ട്ഫോൺ കയറ്റുമതിക്കാരായി. യുഎസ് സ്മാർട്ട്ഫോൺ ഇറക്കുമതിയുടെ 44 ശതമാനം ഇന്ത്യയാണ് വഹിക്കുന്നത്.

ഒരു വർഷം മുമ്പ് ഇത് വെറും 13 ശതമാനം മാത്രമായിരുന്നു. ചൈനയുടെ വിപണിവിഹിതം 25 ശതമാനത്തിലേക്കു താഴ്ന്നു. ചൈനയ്ക്ക് പുറത്ത് നിർമാതാക്കൾ ചെലവ് കുറഞ്ഞതും സ്ഥിരതയുള്ളതുമായ ബദലുകൾ തേടുന്ന ഈ പുതിയ മാറ്റം ഒരു വലിയ ആഗോള വിതരണ ശൃംഖല പുനഃക്രമീകരണത്തിന്റെ ഭാഗമാണ്.

സ്മാർട്ട്ഫോൺ വിൽപ്പനയിൽ ഇന്ത്യ വൻ കുതിപ്പു നടത്തുന്നതിനെത്തുടർന്ന് ചൈനയ്ക്കും വിയറ്റ്നാമിനുമൊപ്പം ആഗോള ഇലക്ട്രോണിക്സ് നിർമാണത്തിൽ ഇന്ത്യ പ്രധാന സ്ഥാനത്തേക്കുയർന്നിരിക്കുകയാണ്. കമ്പനികൾ വിതരണശൃംഖലകൾ വൈവിധ്യവത്കരിക്കുന്നതിനാൽ ഇന്ത്യൻ സ്മാർട്ട്ഫോൺ കയറ്റുമതി വൻ മുന്നേറ്റമുണ്ടാക്കാൻ സാധ്യതകളുണ്ട്.

സാംസങ്ങും മോട്ടൊറോളയും ഇന്ത്യയിൽനിന്ന് യുഎസിലേക്കുള്ള വിതരണം ഉയർത്തി. എന്നാൽ, ഇവരുടെ പ്രവർത്തനങ്ങൾ ആപ്പിളിനെക്കാൾ സാവധാനമാണ്. ആപ്പിളിനെപ്പോളലെതന്നെ മോട്ടൊറോളയ്ക്ക് ചൈനയിലാണ് പ്രധാന നിർമാണ കേന്ദ്രം. സാംസങ്ങിന്റെ പ്രധാന സ്മാർട്ട്ഫോൺ നിർമാണ കേന്ദ്രം വിയറ്റ്നാമിലാണ്.

ഇന്ത്യയിൽ 2014ൽ ഉണ്ടായിരുന്ന രണ്ടു മൊബൈൽ നിർമാണ യൂണിറ്റിനെ അപേക്ഷിച്ച് ഇപ്പോൾ 300 നിർമാണ കേന്ദ്രങ്ങളാണുള്ളത്.

## കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവ് തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** കേരള - യൂറോപ്യൻ യൂണിയൻ കോൺക്ലേവ് 18,19 തീയതികളിൽ തിരുവനന്തപുരത്ത് നടക്കും. 19നു കോവളം ലീല റാവിസിൽ മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. സമുദ്രാധിഷ്ഠിത സാമ്പത്തിക വളർച്ചയിലൂടെയുള്ള സുസ്ഥിര വികസനവും തീരമേഖലയുടെ സമഗ്ര സമ്പദ്വ്യവസ്ഥയിലെ പങ്കാളിത്തവും ലക്ഷ്യമിട്ടുള്ളതാണു ദ്വിദിന കോൺക്ലേവെന്നു മന്ത്രി സജി ചെറിയാൻ പറഞ്ഞു. ഇന്ത്യയിൽ നിന്നും യൂറോപ്പിൽ നിന്നുമുള്ള 500 ലധികം പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കും. ഫിൻലാൻഡ്, ഫ്രാൻസ്, ഹംഗറി, പോളണ്ട്, സ്ലൊവാക്യ, സ്ലൊവേനിയ, സ്വീഡൻ, ഡെൻമാർക്ക്, ബൾഗേറിയ, ഓസ്ട്രിയ, മാൾട്ട, സ്പെയിൻ, ഇറ്റലി, നെതർലാൻഡ്സ്, ബെൽജിയം, റൊമാനിയ, ജർമനി എന്നീ 17 യൂറോപ്യൻ രാജ്യങ്ങൾ പരിപാടിയിൽ പങ്കെടുക്കുമെന്ന് ഉറപ്പിച്ചിട്ടുണ്ട്.

കേന്ദ്രമന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ, നയവിദഗ്ധർ, വ്യവസായ പ്രമുഖർ തുടങ്ങിയവർ സമ്മേളനത്തിന്റെ ഭാഗമാകുമെന്നും മന്ത്രി പറഞ്ഞു. കേരളത്തിന്റെ വിശാലമായ സമുദ്രതീര സാധ്യതകളും യൂറോപ്യൻ യൂണിയന്റെ ശാസ്ത്രീയനയ വൈദഗ്ധ്യവും പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ സുസ്ഥിര സമുദ്രാധിഷ്ഠിത വികസന മാതൃകയായി വികസിപ്പിക്കുന്നതിനുള്ള രൂപരേഖ പരിപാടിയിൽ അവതരിപ്പിക്കും.




## ഉപരോധമുള്ള കപ്പലുകൾ ഇന്ത്യൻ തുറമുഖത്ത്



**മുംബൈ:** യൂറോപ്യൻ യൂണിയനും ബ്രിട്ടനും കഴിഞ്ഞ വർഷം ഉപരോധം ഏർപ്പെടുത്തിയ എണ്ണക്കപ്പലുകൾ റഷ്യൻ എണ്ണയുമായി അദാനി ഗ്രൂപ്പ് നിയന്ത്രിക്കുന്ന ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തെത്തി. സ്പാർട്ടൻ, നോബിൾ വാക്കർ എന്നീ ചരക്കുകപ്പലുകളാണ് എത്തിയത്. ദ് സ്പാർട്ടനിൽ റഷ്യൻ ക്രൂഡ് ഓയിലിന്റെ 10 ലക്ഷം ബാരലുകളും നോബിൾ വാക്കറിൽ 10 ലക്ഷം ബാരലുകളുമാണുള്ളത്. കപ്പൽ മുന്ദ്രയിലെത്തിയതെന്ന് വിപണി നിരീക്ഷകരായ കെപ്ലർ, എൽഎസ്ഇജി, വോർട്ടെക്സ് എന്നിവയുടെ ഡേറ്റ അധിഷ്ഠിതമാക്കിയാണ് റിപ്പോർട്ട് വന്നത്. സ്പാർട്ടനിലെയും നോബിൾ വാക്കറിലെ എണ്ണ എച്ച്പിസിഎൽ മിത്തൽ എനർജി ലിമിറ്റഡിനായുള്ളതാണ്. റഷ്യൻ എണ്ണയുടെ വിതരണത്തെ സഹായിക്കുന്നെന്ന് ചൂണ്ടിക്കാട്ടി ഒരുവർഷം മുൻപാണ് ഈ ടാങ്കറുകൾക്ക് യൂറോപ്യൻ യൂണിയനും ബ്രിട്ടനും ഉപരോധം ഏർപ്പെടുത്തിയത്. അതേസമയം യൂറോപ്യൻ യൂണിയൻ, യുഎസ്, ബ്രിട്ടൻ എന്നിവയുടെ ഉപരോധമുള്ള എണ്ണ ടാങ്കറുകൾക്ക് ഈ മാസം 11 മുതൽ മുന്ദ്ര ഉൾപ്പെടെ 14 തുറമുഖങ്ങളിൽ അദാനി ഗ്രൂപ്പ് വിലക്കേർപ്പെടുത്തിയിരുന്നു.എന്നാൽ, വിലക്ക് പ്രഖ്യാപിക്കുന്നതിനു മുൻപ് തുറമുഖത്തേക്ക് പുറപ്പെട്ട കപ്പലുകളെ വിലക്കിൽനിന്ന് ഒഴിവാക്കുകയും ചെയ്തിരുന്നു. ഇതിലുൾപ്പെട്ട കപ്പലാണ് ഇപ്പോൾ എത്തിയതെന്നാണ് സൂചന. റഷ്യയിൽ നിന്നുള്ളതുൾപ്പെടെയുള്ള എണ്ണ ഇറക്കുമതിക്കായി ഇന്ത്യൻ റിഫൈനർമാരായ എച്ച്എംഇഎൽ, ഇന്ത്യൻ ഓയിൽ കോർപറേഷൻ എന്നിവ മുന്ദ്ര തുറമുഖം ഉപയോഗിക്കുന്നു.2022ലെ യുക്രെയ്ൻ അധിനിവേശത്തിന് റഷ്യക്ക് പാശ്ചാത്യരാജ്യങ്ങൾ ഉപരോധങ്ങൾ ഏർപ്പെടുത്തിയതിനു ശേഷം കടൽമാർഗം റഷ്യൻ എണ്ണയുടെ ഏറ്റവും വലിയ വാങ്ങലുകാരായി ഇന്ത്യ മാറി.

യുഎസ്, യൂറോപ്യൻ യൂണിയൻ, ബ്രിട്ടൻ തുടങ്ങിയവർ റഷ്യൻ ഓയിലിന് ഉപരോധം ഏർപ്പെടുത്തിയതിനെത്തുടർന്ന് ഷാഡോ ഫ്ളീറ്റുകളിലാണ് എണ്ണ കയറ്റുമതി ചെയ്യുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം മാതൃകയാണെന്ന് മന്ത്രി ബിന്ദു

**തിരുവനന്തപുരം:** ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം മുന്നിലാണെന്നും വിജ്ഞാനമേഖലയിൽ പുതിയ മാതൃക സൃഷ്ടിക്കുകയാണെന്നും മന്ത്രി ആർ. ബിന്ദു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മ, സമത്വം, നവീകരണം എന്നിവയിൽ അധിഷ്ഠിതമായ ഒരു വിജ്ഞാന സമൂഹം കെട്ടിപ്പടുക്കുന്നതിന് കേരളം പ്രതിജ്ഞാബദ്ധമാണ്. കേരളത്തിന്റെ വിജ്ഞാന സമൂഹം എന്ന ആശയത്തിൽ ലാഭം മാത്രം ലക്ഷ്യമാക്കുന്ന കമ്പോള കേന്ദ്രീകൃതമായ കാഴ്ചപ്പാടല്ല സ്വീകരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന അറിവ് സമൂഹത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും, ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ വികസിപ്പിക്കാനും പ്രയോജനപ്പെടുത്തുന്ന മാതൃകയാണ് കേരളത്തിന്റേത്. സംസ്ഥാനത്ത് നാക്ക് A++, A+, A ഗ്രേഡുകൾ നേടിയതും NIRF, KIRF റാങ്കിങ്ങിൽ മുന്നിലെത്തിയതുമായ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 'മിനിസ്റ്റേഴ്സ് അവാർഡ് ഫോർ എക്സെലൻസ്' നൽകി ആദരിക്കുന്ന എക്സലൻഷ്യ 2025 ടാഗോർ തിയേറ്ററിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി ബിന്ദു.

സംസ്ഥാനത്തെ വിദ്യാഭ്യാസ സമ്പ്രദായം സ്ഥിരോത്സാഹമുള്ളതും വികസനമായ ഭാവി ലക്ഷ്യമിട്ടുള്ളതുമാണ്. രാജ്യത്തെ മികച്ച 300 കോളേജുകളിൽ 25 ശതമാനവും കേരളത്തിലാണ്. സർവ്വകലാശാലകൾ ദേശീയ തലത്തിൽ ഉയർന്ന റാങ്കിൽ എത്തിയത് കേരളത്തിലെ മികച്ച വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉദാഹരണമാണ്. അഞ്ച് സർവകലാശാലകൾക്ക് NAAC അക്രഡിറ്റേഷനിൽ എ+ ഗ്രേഡുകൾ ലഭിച്ചു; കേരള സർവകലാശാല, എംജി സർവകലാശാല, കുസാറ്റ്, ശ്രീ ശങ്കരാചാര്യ സർവകലാശാല എന്നിവ ഇതിൽ ഉൾപ്പെടുന്നു. 153 കോളേജുകൾക്ക് എ ഗ്രേഡിന് മുകളിൽ ലഭിച്ചിട്ടുണ്ട്. NIRF 2025 റാങ്കിംഗിൽ, കേരള സർവകലാശാല അഞ്ചാം സ്ഥാനത്തേക്കും കുസാറ്റ് ആറാം സ്ഥാനത്തേക്കും എത്തി, ഇത് കഴിഞ്ഞ വർഷത്തെ ഒൻപതും പത്തും സ്ഥാനങ്ങളിൽ നിന്നുള്ള വലിയ മുന്നേറ്റമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സാമൂഹിക നീതിക്കും സമത്വത്തിനും പ്രാപ്യതയ്ക്കും ഊന്നൽ നൽകിക്കൊണ്ട് ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും മികവ് ഉറപ്പാക്കുന്നതിനും സർക്കാർ മുൻഗണന നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

നാല് വർഷ ബിരുദ പ്രോഗ്രാം കേവലം ഒരു വർഷം കൂട്ടിച്ചേർക്കലല്ല, മറിച്ച് പാഠ്യപദ്ധതിയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടുവരുന്ന ഒന്നാണ്. ക്ലാസ് റൂം പഠനത്തിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ വരുത്തി വിദ്യാർത്ഥികളെ വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയ്ക്കും ആഗോള മത്സരങ്ങൾക്കും ഇത് തയ്യാറാക്കും. പരീക്ഷകൾ കൃത്യസമയത്ത് നടത്തുകയും ഫലങ്ങൾ ദിവസങ്ങൾക്കുള്ളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് സങ്കീർണ്ണമായ അഫിലിയേഷൻ സംവിധാനത്തിൽ കേരളം കൈവരിച്ച റെക്കോർഡ് നേട്ടമാണ്.

ക്രെഡിറ്റ്ലിങ്ക്ഡ് ഓൺലൈൻ കോഴ്സുകൾ വികസിപ്പിക്കുന്നതിനും ഹോസ്റ്റ് ചെയ്യുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള മാതൃകയും കേരളം മുന്നോട്ട് വയ്ക്കുന്നുണ്ട്. ഇതിലൂടെ അദ്ധ്യാപകർക്ക് അവരുടെ വൈദഗ്ധ്യമനുസരിച്ച് സിഗ്നേച്ചർ കോഴ്സുകൾ രൂപകൽപ്പന ചെയ്യാൻ അവസരം നൽകും.

ഗവേഷണ സംസ്കാരം വളർത്തുന്നതിനായി ഏഴ് പുതിയ മികവിന്റെ കേന്ദ്രങ്ങളും കേരളം സ്ഥാപിച്ചിട്ടുണ്ട്. രാജ്യത്തെ ഏതൊരു സംസ്ഥാന സർക്കാരും നൽകുന്നതിൽ വെച്ച് ഏറ്റവും വലിയ ഫെലോഷിപ്പ് തുക നൽകുന്ന മുഖ്യമന്ത്രിയുടെ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പദ്ധതിയും, FYUGP വിദ്യാർത്ഥികൾക്കായി ഒരു ലക്ഷം ഇന്റേൺഷിപ്പുകൾ ലക്ഷ്യമിട്ടുള്ള ഇന്റേൺഷിപ്പ് പോർട്ടലും ഉന്നതവിദ്യാഭ്യാസ മേഖലയിലെ കേരളത്തിന്റെ പ്രത്യേകതകളാണെന്ന് മന്ത്രി പറഞ്ഞു.

കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ കെ.□ സുധീർ അധ്യക്ഷത വഹിച്ചു, നാക്ക് അഡ്വൈസർ ഡോ. ദേവേന്ദർ കാവഡെ മുഖ്യാതിഥിയായി. സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർമാരായ സി. കെ അരവിന്ദ കുമാർ, കെ. കെ ഗീതാ കുമാരി, ഡോ. മോഹനൻ കുന്നുമ്മൽ, ഡോ. എം. ജുനൈദ് ബുഷിരി, എം. വി നാരായണൻ തുടങ്ങിയവർ പങ്കെടുത്തു.

## മനുഷ്യ,വന്യജീവി സംഘർഷം: ഫെൻസിംഗ് ഉൾപ്പെടെയുള്ള പദ്ധതികളിൽ കൃത്യമായ മേൽനോട്ടം ഉറപ്പാക്കുമെന്ന് മന്ത്രി

**കൊച്ചി:** മനുഷ്യ വന്യജീവി സംഘർഷം ഒഴിവാക്കാൻ നടപ്പിലാക്കുന്ന ഫെൻസിംഗ് ഉൾപ്പെടെയുള്ള പദ്ധതികളിൽ കൃത്യമായ മേൽനോട്ടം ഉറപ്പാക്കുമെന്ന് മന്ത്രി പി. രാജീവ്

വിഷയവുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവിന്റെ നേതൃത്വത്തിൽ ചേർന്ന ജില്ലാതല നിയന്ത്രണ സമിതി യോഗത്തിലാണ് തീരുമാനം. ജില്ലയിൽ മലയാറ്റൂർ, കോതമംഗലം, മൂന്നാർ എന്നീ ഫോറസ്റ്റ് ഡിവിഷനുകൾക്ക് കീഴിലായി ഇലക്ട്രിക് ഫെൻസിംഗ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ കൃത്യമായ മേൽനോട്ടം ആവശ്യമാണെന്ന് യോഗം നിരീക്ഷിച്ചു. ഇതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും ബന്ധപ്പെട്ട ഏജൻസികളുടെയും കരാറുകാരുടെയും സംയുക്ത യോഗം വിളിച്ച് പദ്ധതി പുരോഗതി വിലയിരുത്തും.

വന മേഖലയുമായി ചേർന്നു കിടക്കുന്ന റോഡുകളുടെ വശങ്ങളിലും നിലവിൽ ഇലക്ട്രിക് ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ള മേഖലകളിലും അടിക്കാടുകൾ വെട്ടേണ്ടത് അനിവാര്യമാണെന്ന് ജനപ്രതിനിധികൾ യോഗത്തിൽ ചൂണ്ടിക്കാട്ടി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രവൃത്തി ചെയ്യുന്നതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിന് വനം, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ പ്രത്യേക യോഗം ചേരും.

വനം വകുപ്പിന്റെ തീവ്ര യജ്ഞത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പരിപാടികളിൽ പ്രാദേശിക ജനപ്രതിനിധികളെയും പൊതുജനങ്ങളെയും പരമാവധി ഉൾപ്പെടുത്തണം. പുലിയുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്തിരിക്കുന്ന മേഖലകളിൽ എത്രയും വേഗം കൂടുകൾ സ്ഥാപിക്കാനുള്ള നടപടി വേണമെന്നും യോഗത്തിൽ നിർദേശം ഉയർന്നു. താലൂക്ക് തലത്തിന് പുറമേ ബ്ലോക്ക് തലത്തിലും പാമ്പ് കടിക്കെതിരെയുള്ള ആന്റി വെനം ക്രമീകരിക്കാനും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളിൽ പ്രാദേശികമായി മരുന്ന് ലഭ്യമാക്കുന്ന കാര്യം പരിഗണിക്കണമെന്നും യോഗം നിർദേശിച്ചു. ഓൺലൈനായി നടന്ന യോഗത്തിൽ എം.എൽ.എമാരായ റോജി എം. ജോൺ, ആന്റണി ജോൺ, ജില്ലാ കളക്ടർ ജി. പ്രിയങ്ക, മറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## ജൈവ മാലിന്യ സംസ്കരണത്തിലെ കുമ്പളങ്ങി മാതൃക
# കുംബോസ് ജൈവ വളം വിപണിയിലേക്ക്

**കൊച്ചി:** ജൈവ മാലിന്യ സംസ്കരണത്തിൽ മാതൃകയുമായി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്. കുമ്പളങ്ങി ശുചിത്വതീരം പാർക്കിലുള്ള തുമ്പൂർ മുഴി ജൈവ മാലിന്യ സംസ്കരണ യൂണിറ്റ് ജൈവ വളം വിപണിയിലിറക്കി.

എക്കോ നോവ ഗ്രീൻ സൊല്യൂഷൻസുമായി ചേർന്നാണ് 'കുംബോസ് എന്ന പേരിൽ വളം ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പ് സംഘടിപ്പിച്ച വൃത്തി കോൺക്ലേവിൽ പഞ്ചായത്ത് മികച്ച ജൈവമാലിന്യ സംസ്കരണ മാതൃക അവതരിപ്പിച്ചിരുന്നു.

മാലിന്യമുക്ത നവകേരളം കാമ്പയിനിൽ ജില്ലയിലെ ഏറ്റവും മികച്ച കമ്മ്യൂണിറ്റിതല ജൈവ മാലിന്യ സംസ്കരണ യൂണിറ്റിനുള്ള അംഗീകാരം പഞ്ചായത്തിന് ലഭിച്ചിരുന്നു.മൂന്ന് ടൺ ശേഷിയുള്ള ആറ് യൂണിറ്റുകളാണ് പഞ്ചായത്തിൽ നിലവിലുള്ളത്. ഓഡിറ്റോറിയങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, ആഘോഷ പരിപാടികൾ, റിസോർട്ടുകൾ, എന്നിവടങ്ങളിൽ നിന്നുമാണ് മാലിന്യം ശേഖരിച്ച് ജൈവ വളം ഉത്പാദിപ്പിക്കുന്നത്.

യൂണിറ്റിന്റെ പ്രവർത്തനത്തിലൂടെ ഗ്രാമപഞ്ചായത്തിന് നിശ്ചിത വരുമാനം ലഭിക്കുന്നുണ്ട്. ഹരിത കർമ്മ സേന വഴി അജൈവ പാഴ് വസ്തു ശേഖരണത്തിൽ നൂറ് ശതമാനം ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** മലബാർ ദേവസ്വം ബോർഡ് കീഴിലുള്ള ഫോർട്ട് കൊച്ചി അമരാവതി ശ്രീമദ് ജനാർദ്ദനസ്വാമി ക്ഷേത്രത്തിൽ ട്രസ്റ്റിമാരെ (തികച്ചും സന്നദ്ധ സേവനം) നിയമിക്കുന്നു. താല്പര്യമുള്ളവർ ഒക്ടോബർ 18ന് വൈകീട്ട് അഞ്ചിനു മുമ്പായി മലബാർ ദേവസ്വം ബോർഡ് പാലക്കാട് അസിസ്റ്റന്റ് കമ്മീഷണർക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. പാലക്കാട് അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിൽ നിന്നും, മലബാർ ദേവസ്വം ബോർഡ് വെബ്സൈറ്റിൽ www.malabardevaswom.kerala.gov.in നിന്നും അപേക്ഷാഫോറം ലഭിക്കും.

## മേട്രൺ കം റസിഡന്റ് ട്യൂട്ടർ കരാർ നിയമനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ആലുവ കീഴ്മാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് മേട്രൺ കം റസിഡന്റ് ട്യൂട്ടർമാരെ കരാറടിസ്ഥാനത്തിൽ (2026 മാർച്ച് വരെ) നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ബിരുദവും ബി.എഡ്.ഉം ഉള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം.

വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സെപ്തംബർ 18 ന് വൈകുന്നേരം അഞ്ചിനുള്ളിൽ എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കണം. ഫോൺ 0484 2422256.

### ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ഇടപ്പള്ളി ഐ.സി.ഡി.എസ്. പ്രോജക്ടിനു കീഴിലെ തൃക്കാക്കര നഗരസഭയിലെ 59 അങ്കണവാടികളിൽ പോഷകാബാല്യം പദ്ധതി പ്രകാരം ആഴ്ചയിൽ മൂന്ന് ദിവസം പാൽ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു.

പ്രാദേശിക ക്ഷീര സൊസൈറ്റികൾ, ക്ഷീര കർഷകർ, മറ്റു പ്രാദേശിക പാൽ വിതരണ സംവിധാനങ്ങൾ, മിൽമ, കുടുംബശ്രീ സംരംഭകർ എന്നിവരിൽ നിന്ന് ടെണ്ടർ സ്വീകരിക്കും.ടെൻഡർ സ്വീകരിക്കുന്ന അവസാന തിയതി സെപ്തംബർ 30.

### സീറ്റ് ഒഴിവ്

**കൊച്ചി:** കളമശേരി ഗവ. വനിത ഐ ടി ഐ യിലെ റഗുലർ കോഴ്സുകളിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന തീയതി നീട്ടി. താത്പര്യമുള്ളവർ സെപ്റ്റംബർ 20ന് വൈകിട്ട് മൂന്നിനുള്ളിൽ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് ഹാജരായി അപേക്ഷ സമർപ്പിക്കണം. ഫോൺ: 8590905440.

## സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം 2024: അപേക്ഷ തീയതി നീട്ടി

**കൊച്ചി:** കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2024 ലെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിനുള്ള നോമിനേഷൻ സ്വീകരിക്കുന്നതിനും മികച്ച ക്ലബ്ബുകൾക്കുള്ള അവാർഡിന് അപേക്ഷ സമർപ്പിക്കുന്നതിനുമുള്ള അവസാന തീയതി സെപ്റ്റംബർ 25 ന് വൈകിട്ട് അഞ്ചു വരെ നീട്ടി. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത്, യുവ, അവളിടം ക്ലബ്ബുകളിൽ നിന്നും അവാർഡിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

ജില്ലാതലത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന മികച്ച ക്ലബ്ബുകൾക്ക് 30,000/ രൂപയും പ്രശസ്തി പത്രവും പുരസ്കാരവും നൽകും. ജില്ലാതലത്തിൽ അവാർഡിന് അർഹത നേടിയ ക്ലബ്ബുകളെയാണ് സംസ്ഥാനതലത്തിലെ അവാർഡിനായി പരിഗണിക്കുന്നത്.സംസ്ഥാന അവാർഡ് നേടുന്ന ക്ലബ്ബിന് 50,000/ രൂപയും പ്രശസ്തി പത്രവും, പുരസ്കാരവും നൽകും.

മാർഗ്ഗനിദ്ദേശങ്ങളും അപേക്ഷ ഫോറവും ജില്ലാ യുവജന കേന്ദ്രങ്ങളിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ വെബ് സൈറ്റിലും ലഭ്യമാണ് www.skywb.kerala.gov.in. ഫോൺ 0484 2428071, 8304983987

### കൗൺസലർ നിയമനം

**കൊച്ചി:** ആലുവ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കൗൺസലർ നിയമനത്തിനായി സൈക്കോളജി /സോഷ്യൽ വർക്ക് / സോഷ്യോളജി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും പ്രവർത്തന പരിചയവുമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ എറണാകുളം സിവിൽ സ്റ്റേഷൻ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന എറണാകുളം ജില്ലാ പട്ടികജാതിവികസന ഓഫീസിൽ സെപ്റ്റംബർ 23ന് വൈകിട്ട് അഞ്ചിനുള്ളിൽ സമർപ്പിക്കണം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇടുക്കിയെ ടൂറിസത്തിന്റെ ആഗോള ഹബ്ബാക്കും: മന്ത്രി റോഷി

**മൂലമറ്റം:** അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഇടുക്കിയെ ടൂറിസത്തിന്റെ ആഗോള ഹബ്ബാക്കിമാറ്റുകയാണ് ലക്ഷ്യമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. കേരള കോൺഗ്രസ് എം മണ്ഡലം കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിലവിലുള്ള നിർമാണത്തിനു പുറമേ ഇലവീഴാപൂഞ്ചിറ റോഡിനായി 1.15 കോടിയുടെ പദ്ധതി തയാറാക്കി വരികയാണെന്നും കുടയത്തൂർ, അറക്കുളം മേഖല കേന്ദ്രീകരിച്ച് വലിയ ടൂറിസം പ്രോജക്ട് യാഥാർഥ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

മണ്ഡലം പ്രസിഡന്റ് ടോമി നാട്ടുനിലം അധ്യക്ഷത വഹിച്ചു. നിയോജക മണ്ഡലം പ്രസിഡൻറ് ഷാജി കാഞ്ഞമല, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് രാരിച്ചൻ നീറണാക്കുന്നേൽ, ടോമി ജോസഫ് കുന്നേൽ, ഫ്രാൻസിസ് കരിമ്പാനി, സിബി മാളിയേക്കൽ, ജോസ് ഇടക്കര, ജിയോ കുന്നപ്പിള്ളിൽ, അജിൽ പനച്ചിക്കൽ, അമൽ കുഴിക്കാട്ട്കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. നിയമസഭാ സാമാജികനായി 25 വർഷം പൂർത്തിയാക്കുന്ന മന്ത്രി റോഷി അഗസ്റ്റിനെ ഉപഹാരം നൽകി ചടങ്ങിൽ ആദരിച്ചു.വിവിധ മേഖലകളിൽ മികവു തെളിയിച്ച ജോജോ കുരിശുംമൂട്ടിൽ, ബേബിച്ചൻ തട്ടാപറമ്പിൽ, ബേബി കുഴിഞ്ഞാലിൽ, ബേബി വെട്ടുകാട്ടിൽ, ജിബിൻ എസ്. ഇടക്കര, ബിബിൻ കൊല്ലപ്പിള്ളിൽ, കുര്യാച്ചൻ മുതുകാട്ടിൽ, വത്സ സതീശൻ എന്നിവരെ ആദരിച്ചു.




# അരുവിത്തുറ സെന്റ് ജോർജ് കോളജിന് മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ്

**അരുവിത്തുറ:** അരുവിത്തുറ സെന്റ് ജോർജ് കോളജിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ്. നാക് റീ അക്രഡിറ്റേഷന്റെ പുതിയ മാനദണ്ഡങ്ങൾ അനുസരിച്ച് ജില്ലയിൽ ആദ്യമായി ഏഴു വർഷം കലാവധിയോടെ എ പ്ലസ് പ്ലസ് അംഗീകാരം നേടിയതും രാജ്യാന്തര നിലവാരമുള്ള ക്യാംപസും പഠന സൗകര്യങ്ങളും നാക് നിർദേശിക്കുന്ന ഏഴ് ഇന യോഗ്യതകളും പൂർണമായും നടപ്പിലാക്കിയതും പരിഗണിച്ചാണ് അവാർഡ്.

തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടന്ന ചടങ്ങിൽ മന്ത്രി ആർ.ബിന്ദുവിൽ നിന്നും കോളജ് വൈസ് പ്രിൻസിപ്പൽ ഡോ. ജിലു ആനി ജോൺ, കോളജ് ബർസാർ ആൻഡ് കോഴ്സ് കോഓർഡിനേറ്റർ റവ. ഫാ. ബിജു കുന്നയ്ക്കാട്ട്, ഐക്യുഎസി കോഓർഡിനേറ്റർ ഡോ. സുമേഷ് ജോർജ്, നാക് കോ-ഓർഡിനേറ്റർ ഡോ. മിഥുൻ ജോൺ, അനധ്യാപക പ്രതിനിധി ബെഞ്ജിത്ത് സേവ്യർ എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

അവാർഡ് നേടിയതിൽ കോളജ് പ്രിൻസിപ്പൽ പ്രഫ. ഡോ. സിബി ജോസഫിനെയും അധ്യാപകരെയും അനധ്യാപകരെയും വിദ്യാർഥികളെയും കോളജ് മാനേജർ ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ അഭിനന്ദിച്ചു.



# കുമ്പളം– തേവര പാലം: സ്ഥലം ഏറ്റെടുക്കൽ ഒരു മാസത്തിനകം പൂർത്തിയാകുമെന്നു പ്രതീക്ഷ

**കുമ്പളം:** നിർദിഷ്ട കുമ്പളം തേവര പാലത്തിന്റെ അപ്രോച്ച് റോഡ് നിർമാണത്തിനായി സ്ഥലം ഏറ്റെടുക്കൽ ഒരു മാസത്തിനകം പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നതായി കെ.ബാബു എംഎൽഎ.

കുമ്പളം, തേവര വില്ലേജുകളിലായി 30 സെന്റ് സ്ഥലമാണ് ഏറ്റെടുക്കുന്നത്. 7.95 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കുമ്പളത്ത് 9 പേരുടെ സ്ഥലമാണ് ഏറ്റെടുക്കുന്നത്. ഇതിൽ 7 പേർ പ്രത്യേക തഹസിൽദാർക്ക് രേഖകൾ കൈമാറി. 3 പേരുടെ ഡ്രാഫ്റ്റ് തയാറായത് കലക്ടറുടെ അനുമതിക്കായി അയച്ചു. 10 ലക്ഷം രൂപയിൽ കൂടുതലുള്ള തുകകൾ സർക്കാരിന്റെ പ്രത്യേക അനുമതിക്കായി അയച്ചു. അനുമതി കിട്ടുന്ന മുറയ്ക്ക് സ്ഥലമുടമകളുടെ അക്കൗണ്ടിൽ പണം എത്തും.

പലരുടെയും ആധാരം ബാങ്കിൽ ആയതാണ് നടപടികൾക്കു തടസ്സമാകുന്നത്. ഇത് ഒഴിവാക്കാനുള്ള നിർദേശം ബാങ്കുകൾക്ക് നൽകുമെന്ന് പ്രത്യേക തഹസിൽദാർ പറഞ്ഞു. ആധാരം തങ്ങളുടെ കൈവശമാണെന്ന രേഖ ബാങ്കുകൾ നൽകുന്ന മുറയ്ക്ക് പണം ബാങ്കിലേക്കു നൽകും.

രണ്ടാഴ്ചയ്ക്കുള്ളിൽ ഇതു പൂർത്തിയാക്കാനാകും. അതിനു ശേഷവും പണം കൈമാറാനായില്ലെങ്കിൽ പണം കോടതിയിൽ കെട്ടിവയ്ക്കും. അത് സംഭവിക്കാതിരിക്കണമെങ്കിൽ സ്ഥലമുടമകൾ കൂടി സഹകരിക്കണമെന്നും തഹസിൽദാർ പറഞ്ഞു.

## സൂക്ഷ്മ ജലസേചന സംവിധാനങ്ങൾക്ക് സബ്സിഡി: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** രാഷ്ട്രീയ കൃഷി വികാസ് യോജന പെർ ഡ്രോപ്പ് മോർ ക്രോപ്പ് പദ്ധതിയിലൂടെ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ സ്ഥാപിക്കാൻ അപേക്ഷ ക്ഷണിച്ചു. ഡ്രിപ്പ്, സ്പ്രിങ്ളർ എന്നിവയ്ക്ക് 40-55 ശതമാനം വരെ സബ്സിഡി ലഭിക്കും. സൂക്ഷ്മ ജലസേചന സംവിധാനങ്ങളുമായി ചേർന്നുള്ള മഴവെള്ള സംഭരണികൾ, കുളങ്ങൾ, കിണറുകൾ, ജലസഭരണികളുടെ നവീകരണം, പമ്പുകൾ എന്നിവയ്ക്കും സഹായം ലഭിക്കും. അപേക്ഷാ ഫോം ആനയറ വേൾഡ് മാർക്കറ്റിലുള്ള തിരുവനന്തപുരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിക്കും.

ഈ പദ്ധതിയിലുൾപ്പെടുത്തി സൂക്ഷ്മ ജലസേചനത്തിനായി വിളകൾ തമ്മിലുള്ള അകലവും സ്ഥല വിസ്തൃതിയും കണക്കിലെടുത്താണ് ആനുകൂല്യം നൽകുന്നത്. അപേക്ഷകന്റെ ഫോട്ടോ, ആധാർ കാർഡിന്റെ കോപ്പി, കരമടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം മുതലായ രേഖകളോടൊപ്പം അപേക്ഷ ഫോം പൂരിപ്പിച്ച് ആനയറ വേൾഡ് മാർക്കറ്റിലുള്ള തിരുവനന്തപുരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9400517990, 9400988557, 8075892092.

## സപ്ലൈകോ സബ്സിഡി സാധനവില കുറയ്ക്കും

**തിരുവനന്തപുരം:** വെളിച്ചെണ്ണയുൾപ്പെടെ സപ്ലൈകോ വഴി നൽകുന്ന സബ്സിഡി സാധനങ്ങളുടെ വില കുറയ്ക്കുമെന്ന് പി.എസ് സുപാൽ എം.എൽ.എക്ക് നൽകിയ മറുപടിയിൽ ഭക്ഷ്യ വകുപ്പുമന്ത്രി ജി.ആർ. അനിൽ നിയമ സഭയെ അറിയിച്ചു. ശബരി സബ്സിഡി വെളിച്ചെണ്ണയുടെ വില ലിറ്ററിന് 339 രൂപയിൽ നിന്നും 319 ആയും ശബരി നോൺ സബ്സിഡി 389 രൂപയിൽ നിന്ന് 359 രൂപയായും കേര വെളിച്ചെണ്ണയുടെ വില 429 രൂപയിൽ നിന്നും 419 രൂപയായും കുറയ്ക്കും. തുവര പരിപ്പിന്റെ വില കിലോഗ്രാമിന് 93 രൂപയിൽ നിന്ന് 88 രൂപയായും ചെറുപയറിന്റെ വില 90 രൂപയിൽ നിന്ന് 85 രൂപയായും കുറയ്ക്കും. പുതുക്കിയ നിരക്കുകൾ സെപ്റ്റംബർ 22 മുതൽ പ്രാബല്യത്തിൽ വരും.

ഓണക്കാലത്ത് അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഓരോ റേഷൻകാർഡിനും 20 കിലോഗ്രാം അരി 25 രൂപ വിലയ്ക്ക് നൽകിയിരുന്നു. ഇത് തുടർന്നും സപ്ലൈകോ വിൽപനശാലകൾ വഴി നൽകുന്നതാണെന്നും മന്ത്രി ഉറപ്പുനൽകി.

ഓണക്കാലത്ത് ഫലപ്രദമായി വിപണിയിൽ ഇടപെട്ട് അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താനും വിലക്കയറ്റം നിയന്ത്രിക്കാനും സർക്കാരിന് കഴിഞ്ഞു. സപ്ലൈകോയുടെ ചരിത്രത്തിലെ എക്കാലത്തേയും പ്രതിദിന വില്പന റെക്കോഡ് മറികടന്നു. 56.73 ലക്ഷം കാർഡുടമകൾ സാധനങ്ങൾ കൈപ്പറ്റി. 386 കോടി രൂപയുടെ ആകെ വിറ്റുവരവ് ഉണ്ടായതിൽ 180 കോടി രൂപയുടെ സബ്സിഡി വില്പനയിൽ നിന്നാണെന്നും മന്ത്രി അറിയിച്ചു.

## കെൽട്രോണിൽ ജേണലിസം: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കെൽട്രോൺ നടത്തുന്ന മാധ്യമ കോഴ്സുകളുടെ 2025-26 വർഷത്തെ ബാച്ചുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പോസ്റ്റ്ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഡ്വാൻസ്ഡ് ജേണലിസം ആൻഡ് മീഡിയ സ്ട്രാറ്റജിസ്, പോസ്റ്റ്ഡിപ്ലോമ ഇൻ അഡ്വാൻസ്ഡ് ജേണലിസം ആൻഡ് മീഡിയ സ്ട്രാറ്റജിസ്, ഡിപ്ലോമ ഇൻ അഡ്വാൻസ്ഡ് ജേണലിസം ആൻഡ് മീഡിയ സ്ട്രാറ്റജിസ് എന്നീ കോഴ്സുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

ബിരുദം നേടിയവർക്കും പ്ലസ്ടു കഴിഞ്ഞവർക്കും അനുയോജ്യമായ കോഴ്സുകൾ തിരഞ്ഞെടുക്കാം. പത്രപ്രവർത്തനം, ടെലിവിഷൻ ജേണലിസം, ഓൺലൈൻ ജേണലിസം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത മാധ്യമ പ്രവർത്തനം, വാർത്ത അവതരണം, വീഡിയോഗ്രാഫി, വീഡിയോ എഡിറ്റിംഗ്, പി.ആർ, അഡ്വർടൈസിംഗ് എന്നിവയിലാണ് പരിശീലനം ലഭിക്കുക.

തിരുവനന്തപുരം കെൽട്രോൺ സെന്ററിൽ സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം. ഫോൺ: 9544958182. വിലാസം: കെൽട്രോൺ നോളജ് സെന്റർ, സെക്കന്റ് ഫ്ളോർ, ചെമ്പിക്കളം ബിൽഡിംഗ്, ബേക്കറി ജംഗ്ഷൻ, വഴുതക്കാട് തിരുവനന്തപുരം 675014

സൊസൈറ്റി ടുഡേ SOCIETY TODAY

# ആത്മഹത്യാ പ്രതിരോധം: ചിന്തകളെ മനസ്സിലാക്കിയിരിക്കണം

**ജീവിതം ഇനി മുന്നോട്ട് കൊണ്ടുപോകുന്നതിൽ അർത്ഥമില്ല എന്ന ചിന്തയുമായി മനുഷ്യർ നടക്കുമ്പോൾ ആണ് ആത്മഹത്യാ പ്രവണത ഉണ്ടാകുന്നത്. ചിന്തകൾക്ക് പിന്നിൽ പല കാരണങ്ങളുണ്ടാകാം. വ്യക്തിപരവും സാമൂഹികവും പാരിസ്ഥിതികവുമായ ഒട്ടേറെ ഘടകങ്ങൾ ഉൾപ്പെടെ. ആത്മഹത്യയെക്കുറിച്ച് സംസാരിക്കുന്നവർ മറ്റുള്ളവരുടെ ശ്രദ്ധപിടിച്ചുപറ്റാൻ ശ്രമിക്കുകയാണെന്ന് തെറ്റിദ്ധരിക്കുന്ന ധാരാളം ആളുകളുണ്ട്. എന്നാൽ ആത്മഹത്യ ചെയ്യുന്നവരിൽ ഭൂരിഭാഗം പേരും അതിനുമുൻപ് ചില സൂചനകളോ മുന്നറിയിപ്പുകളോ നൽകാറുണ്ട് എന്നതാണ് വാസ്തവം. ഈ സൂചനകൾ എത്ര ചെറുതാണെങ്കിൽപ്പോലും അവയെ ഗൗരവത്തോടെ കാണേണ്ടത് അത്യാവശ്യമാണ്.**



**ദിവ്യ കൃഷ്ണ**
റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ് ആൻഡ് ബിഹേവിയർ അനലിസ്റ്റ് പ്രയത്ന, കൊച്ചി.

ജീവിതം ഇനി മുന്നോട്ട് കൊണ്ടുപോകുന്നതിൽ അർത്ഥമില്ല എന്ന ചിന്തയുമായി മനുഷ്യർ നടക്കുമ്പോൾ ആണ് ആത്മഹത്യാ പ്രവണത ഉണ്ടാകുന്നത്. ചിന്തകൾക്ക് പിന്നിൽ പല കാരണങ്ങളുണ്ടാകാം. വ്യക്തിപരവും സാമൂഹികവും പാരിസ്ഥിതികവുമായ ഒട്ടേറെ ഘടകങ്ങൾ ഉൾപ്പെടെ. ആത്മഹത്യയെക്കുറിച്ച് സംസാരിക്കുന്നവർ മറ്റുള്ളവരുടെ ശ്രദ്ധപിടിച്ചുപറ്റാൻ ശ്രമിക്കുകയാണെന്ന് തെറ്റിദ്ധരിക്കുന്ന ധാരാളം ആളുകളുണ്ട്. എന്നാൽ ആത്മഹത്യ ചെയ്യുന്നവരിൽ ഭൂരിഭാഗം പേരും അതിനുമുൻപ് ചില സൂചനകളോ മുന്നറിയിപ്പുകളോ നൽകാറുണ്ട് എന്നതാണ് വാസ്തവം. ഈ സൂചനകൾ എത്ര ചെറുതാണെങ്കിൽപ്പോലും അവയെ ഗൗരവത്തോടെ കാണേണ്ടത് അത്യാവശ്യമാണ്.

## എന്തുകൊണ്ടാണ് ഈ ചിന്തകൾ മനസ്സിലേക്ക് ആവർത്തിച്ച് വരുന്നത്?

ആവർത്തിച്ചുള്ള ആത്മഹത്യാ ചിന്തകൾ ഒരു വ്യക്തിയുടെ സ്വഭാവദൂഷ്യത്തിന്റെയോ ബലഹീനതയുടെയോ ലക്ഷണമല്ല എന്ന വസ്തുത നാം ആദ്യം മനസിലാക്കേണ്ടതുണ്ട്. പലപ്പോഴും അതിയായ വേദനയുടെ ഒരു ലക്ഷണമാണിത്.

വിഷാദം, ഉത്കണ്ഠ, മാനസികാഘാതം, വിട്ടുമാറാത്ത രോഗങ്ങൾ, താങ്ങാനാവാത്ത ജീവിത സമ്മർദ്ദം എന്നിവ കാരണം നമ്മൾ കഠിനമായ വൈകാരികമോ ശാരീരികമോ ആയ വേദനയിലായിരിക്കുമ്പോൾ അതിൽ നിന്ന് പുറത്തുകടക്കാൻ നമ്മുടെ തലച്ചോർ തീവ്രമായി ശ്രമിക്കും. ചിലപ്പോൾ വേദന അവസാനിപ്പിക്കാനുള്ള ഏക മാർഗ്ഗം ആത്മഹത്യയാണെന്ന് തലച്ചോർ വിശ്വസിച്ചേക്കാം. മരിക്കാനുള്ള ആഗ്രഹം കൊണ്ടല്ല ഒരാൾ ഇങ്ങനെ ചിന്തിക്കുന്നത്. ഒരു 'രക്ഷാമാർഗ്ഗം' ഉണ്ട് എന്ന ചിന്ത പലപ്പോഴും ആശ്വാസം നൽകും. ഇത് തലച്ചോറിനെ വീണ്ടും ഇതേക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

## ചില മുന്നറിയിപ്പ് സൂചനകൾ

ഒരു വ്യക്തി ആത്മഹത്യാ പ്രവണതയുടെ മുന്നറിയിപ്പ് സൂചനകൾ പ്രകടമാക്കുമ്പോൾ അത് കൃത്യസമയത്ത് തിരിച്ചറിയേണ്ടത് പ്രധാനമാണ്. പലപ്പോഴും സഹായത്തിനായുള്ള നിശബ്ദമായ അഭ്യർത്ഥനകളായിരിക്കാം ഇവ. ഓരോ വ്യക്തിയും നൽകുന്ന സൂചനകൾ വ്യത്യാസപ്പെട്ടിരിക്കാമെങ്കിലും, പൊതുവായ ചില കാര്യങ്ങൾ കണ്ടുവരാറുണ്ട്. മരിക്കാൻ ആഗ്രഹിക്കുന്നതിനെക്കുറിച്ച് സംസാരിക്കുക, കടുത്ത നിരാശ പ്രകടിപ്പിക്കുക, മറ്റുള്ളവർക്ക് താൻ ഒരു ഭാരമാണെന്ന് പറയുക എന്നിവ അതിൽ ചിലതാണ്. സാമൂഹിക പ്രവർത്തനങ്ങളിൽ നിന്നോ കൂട്ടായ്മകളിൽ നിന്നോ പിന്മാറുക, സ്വന്തം സാധനങ്ങൾ മറ്റുള്ളവർക്ക് കൈമാറുക, ലഹരിവസ്തുക്കളുടെ ഉപയോഗം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷണങ്ങൾ അപകടസൂചനയാകാം. പെരുമാറ്റത്തിൽ പെട്ടെന്നുള്ള അസ്വാഭാവിക മാറ്റങ്ങളും കണ്ടേക്കാം വരാം.

കഠിനമായ വിഷാദാവസ്ഥയിൽ നിന്ന് പെട്ടെന്ന് ശാന്തതയിലേക്കോ സന്തോഷത്തിലേക്കോ



മാറുന്നത് ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാന സൂചനയാണ്. ഇത് ആത്മഹത്യ ചെയ്യാനുള്ള തീരുമാനം ആ വ്യക്തി എടുത്തിട്ടുണ്ടെന്ന് സൂചിപ്പിക്കുന്നതാണ്. അപകടകരമായ കാര്യങ്ങൾ ചെയ്യുക, സ്വന്തം ജീവിതം അവസാനിപ്പിക്കാനുള്ള വഴികൾ കണ്ടെത്താൻ ശ്രമിക്കുക എന്നിവയും അവയിൽപ്പെടുന്നു. ഈ ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ, അത് ഗൗരവമായി എടുക്കുകയും സഹായം തേടുകയും ചെയ്യേണ്ടത് നിർണായകമാണ്.

## ആത്മഹത്യാപ്രതിരോധം ലക്ഷ്യസ്ഥാനമല്ല, അതൊരു യാത്രയാണ്

ആത്മഹത്യയെ കുറിച്ചുള്ള ചിന്തകൾക്കടിപ്പെട്ട് പ്രവർത്തിക്കുന്നത് എങ്ങനെ തടയാമെന്നത് സംബന്ധിച്ച് പ്രായോഗികമായ വഴികൾ തേടണം.ചിന്തയ്ക്കും പ്രവൃത്തിക്കുമിടയിൽ അകലം സൃഷ്ടിക്കുക: ആത്മഹത്യാപരമായ ചിന്തകൾ വരുമ്പോൾ, 'ഇന്ന് ഞാൻ ഈ ചിന്തകൾക്കനുസരിച്ച് പ്രവർത്തിക്കില്ല' എന്ന് സ്വയം പറയുക. ആത്മഹത്യാപരമായ മാനസികാവസ്ഥ പലപ്പോഴും തീവ്രമാണെങ്കിലും അതെപ്പോഴും താൽക്കാലികമായിരിക്കും. അത്തരം ചിന്തകൾ എത്ര കഠിനമാണെങ്കിലും അത് കടന്നുപോകുന്നത് വരെ കാത്തിരിക്കാൻ കഴിഞ്ഞാൽ വിലപ്പെട്ട ജീവനുകൾ രക്ഷിക്കാൻ കഴിയും.സഹായം തേടാൻ മടിവേണ്ട: ഈ ചിന്തകളുടെ മുഴുവൻ ഭാരവും ഒറ്റയ്ക്ക് ചുമക്കേണ്ടതില്ല. ഒരു മാനസികാരോഗ്യ കൗൺസിലിംഗ് ഹെൽപ്ലൈനിലേക്ക് വിളിക്കുക. സർക്കാരും എൻ.ജി.ഒകളും പരിശീലനം ലഭിച്ച പ്രൊഫഷണലുകളുടെ സഹായം വാഗ്ദാനം ചെയ്യുന്നുണ്ട്. അല്ലെങ്കിൽ ഒരു സുഹൃത്തിനെയോ കുടുംബാംഗത്തെയോ തെറാപ്പിസ്റ്റിനെയോ വിളിക്കുകയോ മെസ്സേജ് അയക്കുകയോ ചെയ്യുക.പ്രൊഫഷണൽ സഹായം തേടുക: ദീർഘകാല പ്രതിരോധത്തിന്റെ പ്രധാന ഘടകമാണിത്. കൊഗ്നിറ്റീവ് ബിഹേവിയറൽ തെറാപ്പി (സിബിടി) അല്ലെങ്കിൽ ഡയലക്റ്റിക്കൽ ബിഹേവിയർ തെറാപ്പി (ഡിബിടി) പോലുള്ള മാർഗ്ഗങ്ങളിലൂടെ ആ വേദനാജനകമായ ചിന്താരീതികളെ മാറ്റിയെഴുതാൻ തെറാപ്പിസ്റ്റുകൾക്ക് കഴിയും. ഇത്തരം ചിന്തകൾക്ക് കാരണമാകുന്ന അടിസ്ഥാന സാഹചര്യങ്ങളെ ലഘൂകരിക്കാൻ മരുന്നുകൾക്ക് കഴിയുമോ എന്ന് നിർണ്ണയിക്കാൻ സൈക്യാട്രിസ്റ്റുകളുടെ സഹായവും തേടാവുന്നതാണ്.എല്ലാ വേദനകളും താൽക്കാലികമാണ് എന്ന് നാമെല്ലാവരും മനസ്സിലാക്കണം. എന്നാൽ അകാരണമായുണ്ടാകുന്ന ഏതൊരു നഷ്ടവും ശാശ്വതമാണെന്ന് ഓർമ്മിക്കുകയും വേണം.

# പിആർസിഐ പ്രൈം ടോക്സ് സമ്പർക്ക പരിപാടിക്ക് തുടക്കം

**കൊച്ചി:** പബ്ളിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ(പി.ആർ.സി.ഐ)യും യംഗ് കമ്യൂണിക്കേറ്റേഴ്സ് ക്ളബ്ബും സംയുക്തമായി ആരംഭിക്കുന്ന പ്രൈം ടോക്സ് സമ്പർക്ക പരിപാടിയ്ക്ക് തുടക്കമായി. കലൂർ ഐഎംഎ ഹാളിൽ നടന്ന യോഗത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കാലഘട്ടത്തിലെ ബ്രാൻഡ് കമ്മ്യൂണിക്കേഷൻസ് ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തിക്കൊണ്ട് റിലയൻസ് ജിയോ കമ്യൂണിക്കേഷൻസ് വിഭാഗം മേധാവി രോഹിത് ദുബേ സമ്പർക്ക പരിപാടി ഉദ്ഘാടനം ചെയ്തു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു വെല്ലുവിളിയല്ല, എഐ ആപ്ലിക്കേഷനുകളെ നിരന്തരം ട്രെയിൻ ചെയ്യുന്നത് വഴി മികച്ച റിസൽറ്റുകൾ നൽകാൻ അവയെ പ്രാപ്തമാക്കുകയാണ് വേണ്ടതെന്ന് രോഹിത് ദുബേ പറഞ്ഞു. എഐ യുഗത്തിൽ ബ്രാൻഡുകൾ ആശയവിനിമയത്തിൽ നേരിടുന്ന ആശങ്കകളും ഏതെല്ലാം രീതിയിൽ എഐ ആശയവിനിമയം എളുപ്പമാക്കുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു. പബ്ളിക് റിലേഷൻസ് മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകളുടെ സംശയങ്ങൾക്ക് രോഹിത് ദുബേ മറുപടി നൽകി. കൊച്ചിൻ ഐ.എം.എ ഭാരവാഹികളായ ഡോ. എം. ഐ ജുനൈദ് റഹ്മാൻ, ഡോ. അതുൽ ജോസഫ് മാനുവൽ എന്നിവർ കൊച്ചിൻ ഐ.എം.എയുടെ പാലിയേറ്റീവ് കെയർ



**പബ്ളിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ(പി.ആർ.സി.ഐ)യും യംഗ് കമ്യൂണിക്കേറ്റേഴ്സ് ക്ളബ്ബും സംയുക്തമായി ആരംഭിക്കുന്ന പ്രൈം ടോക്സ് സമ്പർക്ക പരിപാടി റിലയൻസ് ജിയോ കമ്യൂണിക്കേഷൻസ് വിഭാഗം മേധാവി രോഹിത് ദുബേ കലൂർ ഐ.എം.എ ഹാളിൽ ഉദ്ഘാടനം ചെയ്യുന്നു. രാമചന്ദ്ര മേനോൻ, മനോജ് മാനുവൽ, ഡോ.ടി. വിനയകുമാർ, എം. മായ തുടങ്ങിയവർ സമീപം**

പദ്ധതിയായ അരികെ സംബന്ധിച്ച് ചടങ്ങിൽ വിശദീകരിച്ചു. പി.ആർ.സി.ഐ നാഷണൽ ഗവേണിംഗ് കൗൺസിൽ ഡയറക്ടർ ഡോ.ടി. വിനയകുമാർ, കേരള ചാപ്റ്റർ പ്രസിഡന്റ് രാമചന്ദ്ര മേനോൻ, കൊച്ചി ചാപ്റ്റർ സെക്രട്ടറി മനോജ് മാനുവൽ, വൈസ് പ്രസിഡന്റ് എം. മായ , ജോയിന്റ് സെക്രട്ടറി ഷെറിൻ വിൽസൺ, വൈസിസി കോർഡിനേറ്റർ സുജിത്ത് നാരായണൻ തുടങ്ങിയവർ പ്രസംഗിച്ചു.

## ഏഷ്യൻ പെയിന്റ്സ് ഗൈഡ് ബുക്ക് പുറത്തിറക്കി

**കൊച്ചി:** ഏഷ്യൻ പെയിന്റ്സ് 'ഗ്ലിറ്റ്സ് അപ്പ് യുവർ ഡെക്കോർ' എന്ന പേരിൽ ഗൈഡ് ബുക്ക് പുറത്തിറക്കി. പ്രീമിയം ബ്രാൻഡായ റോയൽ ഗ്ലിറ്റ്സിന്റെ ദീപിക പദുക്കോൺ കേന്ദ്ര കഥാപാത്രമാകുന്ന പരസ്യചിത്രത്തിന്റെ ഭാഗമായാണ് ഗൈഡ് ബുക്ക് പുറത്തിറക്കിയത്. ഗൈഡ്ബുക്കിലെ ക്യൂആർ കോഡുകൾ സ്കാൻ ചെയ്ത് ഡെമോ വീഡിയോകളും മറ്റ് വിവരങ്ങളും എളുപ്പത്തിൽ അറിയാനാകും. ഏറ്റവും പുതിയ ഡിസൈൻ ആശയങ്ങൾ സാധാരണക്കാർക്കും എളുപ്പത്തിൽ ലഭ്യമാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ഏഷ്യൻ പെയിന്റ്സ് മാനേജിങ് ഡയറക്ടറും സിഇഒയുമായ അമിത് സിംഗൽ പറഞ്ഞു. ദീപികയെപ്പോലൊരു താരത്തിന്റെ സാന്നിധ്യം ഏഷ്യൻ പെയിന്റ്സിന്റെ ഈ ആശയത്തിന് കൂടുതൽ തിളക്കം നൽകുന്നതായും അദ്ദേഹം പറഞ്ഞു. ഒരു ഇടവേളയ്ക്കു ശേഷം ദീപിക പദുക്കോൺ അഭിനയിക്കുന്ന പരസ്യചിത്രത്തിൽ വീടിന്റെ രൂപം മൊത്തത്തിൽ മാറ്റുന്ന ഒരു ഡെക്കോർ ഉൽപ്പന്നമായി റോയൽ ഗ്ലിറ്റ്സിനെ അവതരിപ്പിക്കുന്നു. പരസ്യത്തിൽ ദീപിക റോയൽ ഗ്ലിറ്റ്സിന്റെ വ്യത്യസ്ത ടെക്സ്ചറുകളും നിറങ്ങളും പരീക്ഷിക്കുന്നുണ്ട്.



**എ. ടി ജോസ്, പി.വി ശ്യാംപ്രസാദ്, റിജേഷ് രാംദാസ്**

## അക്കേഷ്യ കേരള ചാപ്റ്റർ: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** ഓൾ കൈൻഡ്സ് ഓഫ് ഇലക്ട്രോണിക് സെക്യൂരിറ്റി സിസ്റ്റം ഇന്റഗ്രേറ്റർ അസോസിയേഷൻ (അക്കേഷ്യ) കേരള ചാപ്റ്റർ ഭാരവാഹികളെ തിരഞ്ഞെടുത്തു. എ.ടി ജോസ് (പ്രസിഡന്റ്), പി.വി ശ്യാംപ്രസാദ് (ജനറൽ സെക്രട്ടറി), റിജേഷ് രാംദാസ്(ട്രഷറർ) ലിന്റോ ഫ്രാൻസിസ്, എസ്. സജയകുമാർ, കെ.എസ് അനൂപ് (വൈസ് പ്രസിഡന്റുമാർ), യദുകൃഷ്ണൻ, സരൺ ബാബു, അനീഷ് വേണുഗോപാൽ (ജോയിന്റ് സെക്രട്ടറിമാർ), എം. രഞ്ജിത് (അച്ചടക്ക സമിതി ചെയർമാൻ), ജിൽറ്റ് ജോസഫ്( തണൽ ചെയർമാൻ), അബിൻ ആന്റോ, ഷമീർ എം. മരയ്ക്കാർ, ടി. കെ അബ്ദുൾ ഹക്കിം, സുരേഷ്കുമാർ (എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ), അരുൺകുമാർ (പ്രത്യേക ക്ഷണിതാവ്), സഞ്ജയ് സനൽ ( ഓട്ടോസെക് ചെയർമാൻ), ദീപു ഉമ്മൻ (ഓട്ടോസെക് കൺവീനർ) എന്നിവരാണ് ഭാരവാഹികൾ

## 99.60 ശതമാനം ക്ലെയിം സെറ്റിൽമെന്റ് നിരക്കുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് 2025 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ ഈ മേഖലയിലെ ഏറ്റവും ഉയർന്ന 99.60 ശതമാനം എന്ന ക്ലെയിം സെറ്റിൽമെന്റ് നിരക്ക് രേഖപ്പെടുത്തി. പ്രത്യേകിച്ച് അന്വേഷണം ആവശ്യമില്ലാത്ത ഡെത്ത് ക്ലെയിമുകൾ തീർപ്പാക്കാൻ കമ്പനിക്ക് ശരാശരി 1.1 ദിവസം മാത്രമാണ് എടുത്തതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ചീഫ് ഓപ്പറേഷൻസ് ഓഫീസർ അമീഷ് ബാങ്കർ പറഞ്ഞു. ഇൻഷുറൻസ് വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാകുന്നത് ക്ലെയിമുകളിലൂടെയാണ്.

ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഓരോ ക്ലെയിമും വളരെ ശ്രദ്ധയോടെയും വേഗത്തിലും കൈകാര്യം ചെയ്യുന്നു. 2026 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിലെ 99.60 ശതമാനം ക്ലെയിം സെറ്റിൽമെന്റ് നിരക്ക് ഇത് വ്യക്തമാക്കുന്നു. ഈ കാലയളവിൽ 406.89 കോടി രൂപയുടെ ഡെത്ത് ക്ലെയിമുകളാണ് കമ്പനി തീർപ്പാക്കിയത്.

ഡാറ്റാ അനലിറ്റിക്സ്, കൃത്രിമബുദ്ധി, മെഷീൻ ലേണിംഗ് തുടങ്ങിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തികൊണ്ട് ക്ലെയിമുകൾ വേഗത്തിലും കാര്യക്ഷമമായും പ്രോസസ് ചെയ്യുന്നുവെന്ന് അമീഷ് ബാങ്കർ പറഞ്ഞു.



## മാക്സ് പ്ലസ് അവതരിപ്പിച്ച് ന്യൂമെറോസ് മോട്ടോഴ്സ്

**കൊച്ചി:** ന്യൂമെറോസ് മോട്ടോഴ്സ്, അതിന്റെ മൾട്ടി യൂട്ടിലിറ്റി ഇ-സ്കൂട്ടറായ ഡിപ്ലോസ് മാക്സിന്റെ നവീകരിച്ച പതിപ്പായ ഡിപ്ലോസ് മാക്സ് പ്ലസ് പുറത്തിറക്കി. 4 കിലോ വാട്ടിന്റെ ഡ്യുവൽ ലിക്വിഡ് ഇമ്മേഴ്ഷൻ കൂളിംഗ് ബാറ്ററി പായ്ക്ക്, 70 കിലോമീറ്റർ പരമാവധി വേഗത, 156 കിലോമിറ്റർ വരെയുള്ള മെച്ചപ്പെട്ട റേഞ്ച്, കൂടുതൽ മികച്ച പിക്ക് അപ്പ് എന്നിങ്ങനെ 5 പുതുമകളോടെയാണ് ഈ പുതിയ പതിപ്പ് അവതരിപ്പിച്ചിരിക്കുന്നത്. ബ്ലെയ്സ് റെഡ്, പിയാനോ ബ്ലാക്ക്, വോൾട്ട് ബ്ലൂ എന്നിങ്ങനെ മൂന്ന് മികച്ച വർണ്ണങ്ങളിൽ ഇത് ലഭ്യമാണ്. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ 1,15,414 രൂപയാണ് ഡിപ്ലോസ് മാക്സിന്റെ എക്സ് ഷോറൂം വില.

## ഇ20 ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് വാറണ്ടി സംരക്ഷണം ഉറപ്പാക്കി നിസാൻ

**കൊച്ചി:** ഇ20 ഇന്ധനം ഉപയോഗിക്കുന്ന നിസാൻ വാഹനങ്ങൾക്ക് വാറണ്ടി സംരക്ഷണം ഉറപ്പാക്കി നിസാൻ മോട്ടോർ ഇന്ത്യ. 2024 ഒക്ടോബറിന് ശേഷം വിറ്റഴിച്ച പുതിയ നിസാൻ മാഗ്നൈറ്റ് വാഹനങ്ങൾ ഇ20 ഇന്ധനം ഉപയോഗിച്ചാൽ വാറണ്ടി നഷ്ടമാകില്ലെന്ന് നിസാൻ അറിയിച്ചു. ബദൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിനും സുസ്ഥിരമായ ഭാവിക്കായി നൂതനമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് നിസാന്റെ പിന്തുണയുണ്ട്.

പുതിയ നിസാൻ മാഗ്നൈറ്റിന്റെ 1.0 എച്ച് ആർ 10 ടർബോ ചാർജ് പെട്രോൾ എഞ്ചിനും ബിആർ 10 പെട്രോൾ എഞ്ചിനും ഇ20 ഇന്ധന മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ളതാണ്. നിസാൻ മാഗ്നൈറ്റിന്റെ പഴയതും പുതിയതുമായ വാഹനങ്ങൾ ഇ20 ഇന്ധനത്തിൽ ഓടാൻ പ്രാപ്തരാണ്. ഇതു വരെ പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല.

ഇ20 ഇന്ധനത്തിലേക്ക് മാറുന്നതിന്റെ ഭാഗമായി എന്തെങ്കിലും പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടാൽ സർവീസ് സമയത്ത് പരിഹരിക്കുമെന്ന് നിസാൻ മോട്ടോർസ് വാഹന ഉടമകൾക്ക് ഉറപ്പ് നൽകി.

## ഐവാല്യൂ ഇൻഫോസൊല്യൂഷൻസ് ലിമിറ്റഡ് ഐപിഒ സെപ്തംബർ മുതൽ

**കൊച്ചി:** ഐവാല്യൂ ഇൻഫോസൊല്യൂഷൻസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2025 സെപ്തംബർ 18 മുതൽ 22 വരെ നടക്കും. പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 18,738,958 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

രണ്ടു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 284 രൂപ മുതൽ 299 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 50 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 50 ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.




# ഐഇഇഇ മൈക്രോവേവ് വേൾഡ് ലീഡേഴ്സ് കോൺക്ലേവിന് തുടക്കമായി

**ബംഗളൂരു:** ഐഇഇഇ ഇന്റർനാഷണൽ മൈക്രോവേവ് വേൾഡ് ലീഡേഴ്സ് കോൺകേവിന് തുടക്കമായി. ബംഗളൂരു ഗോപാലൻ ഗ്രാൻഡ് മർക്ക്യൂർ ഹോട്ടലിൽ രണ്ടു ദിവസങ്ങളിലായി നടക്കുന്ന കോൺക്ലേവിൽ നാസ ജെപിഎൽ, ഡി ആർ ഡി ഒ, പ്രമുഖ ആഗോള സർവകലാശാലകൾ, വ്യവസായങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖ ശാസ്ത്രജ്ഞർ, അക്കാദമിക രംഗത്തുള്ളവർ, വ്യവസായ നൂതനത്വ രംഗത്തെ പ്രമുഖർ, യുവപ്രവർത്തകർ ഉൾപ്പെടെ 200ലധികം പേരാണ് പങ്കെടുക്കുന്നത്. കോൺക്ലേവിൽ ഡി ആർ ഡി ഒ ശാസ്ത്രജ്ഞൻ ഡോ. ബിനയ് കുമാർ ദാസ് മുഖ്യാതിഥിയായിരുന്നു. ഡി ആർ ഡി ഒ ഡി ജി എൽ സി മംഗൾ എൽ ആർ ഡി ഇ ഡയറക്ടർ എം ഷെയിക് അൽതാഫ്, ഐഐഎസ്ടി വൈസ് ചാൻസലർ പ്രൊഫ. ദീപങ്കർ ബാനർജീ എന്നിവർ അതിഥികളായിരുന്നു.

ആഗോള ഐഇഇഇ നേതാക്കളായ ഡോ. ഗൗതം ചതോപാധ്യായ്, ഡോ. സി ജെ റെഡ്ഡി, പ്രൊഫ. ഫ്രാൻസിസ്കോ അൻഡ്രൂയിലി, പ്രൊഫ. റോബർട്ടോ ഗോമസ് ഗ്രാസിയ, അൽമുദേന സുവാരസ്, ആൻതോനി ഗിയോട്ടോ, ഗുരു സുബ്രഹ്മണ്യൻ, ഗ്ലോക്കോ ഫൊണ്ടഗല്ലാൻഡ്, ജാസ്മിൻ ഗ്രോസിൻജർ, ദേബാബാനി ചൗധരി, രമേഷ് ഗുപ്ത, പ്രൊഫ. ചിൻമയ് സാഹ, ഡോ. അശുതോഷ് കേദാർ, പ്രൊഫ. ബി എസ് മനോജ് തുടങ്ങിയവർ പ്രഭാഷണം നടത്തി.




## ഡോ അഗർവാൾസ് കണ്ണാശുപത്രിയിൽ സെപ്റ്റംബർ 30 വരെ സൗജന്യ കൺസൾട്ടേഷൻ

**പാലക്കാട്:** ഇന്ത്യയിലെ നേത്ര പരിചരണ ശൃംഖലകളിൽ ഒന്നായ ഡോ അഗർവാൾസ് കണ്ണാശുപത്രി, കേരളത്തിലെ അഞ്ചാമത്തെ ആശുപത്രി ഉദ്ഘാടനം ചെയ്തു. പാലക്കാട്ടെ കാലിക്കറ്റ് ബൈപാസ് റോഡിലെ സ്ഥാപനം, ലോകോത്തര ഡയഗ്നോസ്റ്റിക്സ്, നൂതന ശസ്ത്രക്രിയകൾ, സമഗ്രമായ നേത്ര പരിചരണ സേവനങ്ങൾ എന്നിവയോട് കൂടിയതാണ്. ഉദ്ഘാടനത്തോടനുബന്ധിച്ച് ഡോ അഗർവാൾസ് ഐ ഹോസ്പിറ്റൽ 2025 സെപ്റ്റംബർ മാസം മുഴുവൻ എല്ലാ പ്രായക്കാർക്കും സൗജന്യ കൺസൾട്ടേഷനുകൾ ലഭ്യമാണെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി. പാലക്കാട് നിവാസികൾക്ക് +91 95949 24048 എന്ന നമ്പറിൽ ബന്ധപ്പെടുന്നതിലൂടെ സൗജന്യ സമഗ്ര നേത്ര പരിശോധനയും ലഭിക്കുന്നതായിരിക്കും.

# ജിഐഒഎസ് സമ്മേളനം സമാപിച്ചു

**കൊച്ചി:** വൻകുടലിലെ അർബുദം തടയുന്നതിനും, രോഗത്തെ ചെറുക്കുന്നതിലും, ജീവിതശൈലിക്കും, പ്രതിരോധമാർഗങ്ങൾക്കും, വലിയ പ്രാധാന്യമുണ്ടെന്ന് ഉയർത്തിക്കാട്ടി, ഗാസ്ട്രോ ഇന്റസ്റ്റൈനൽ ഓങ്കോളജി സൊസൈറ്റിയുടെ (ജിഐഒഎസ്) രണ്ടാം വാർഷിക സമ്മേളനം സമാപിച്ചു. കൊച്ചിയിൽ നടന്ന മൂന്ന് ദിവസത്തെ പരിപാടിയിൽ, രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള ഇരുന്നൂറിലധികം ഓങ്കോളജിസ്റ്റുകൾ, ഗ്യാസ്ട്രോഎൻട്രോളജിസ്റ്റുകൾ, മറ്റു മെഡിക്കൽ പ്രൊഫഷണലുകൾ എന്നിവർ പങ്കെടുത്തു. ഒരു മണിക്കൂർ വ്യായാമം ചെയ്യുന്നതും, ആരോഗ്യകരമായ ശീലങ്ങളിൽ ഏർപ്പെടുന്നതും, ആരോഗ്യകരമായ ജീവിതത്തിന് അനിവാര്യമാണെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടി. സ്ഥിരമായ വ്യായാമത്തിലൂടെയും, നല്ല ജീവിതശൈലിയിലൂടെയും നിരവധി രോഗങ്ങളെ പ്രതിരോധിക്കാനാകുമെന്നും വ്യക്തമാക്കി. ആഗോള തലത്തിൽ വർദ്ധിച്ചുവരുന്ന കൊളോറെക്ടൽ കാൻസറുകളെ ( വൻകുടലിലെ അർബുദം ) കേന്ദ്രീകരിച്ചാണ്, ഇത്തവണത്തെ സമ്മേളനത്തിൽ പ്രധാനമായും ചർച്ചകൾ അരങ്ങേറിയത്. കൊളോറെക്ടൽ കാൻസറുകളുടെ ചികിത്സയുമായി ബന്ധപ്പെട്ട്,നൂതന ശസ്ത്രക്രിയ രീതികൾ, റേഡിയേഷൻ, ജീനോമിക് വശങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന നിരവധി ശില്പശാലകളും അരങ്ങേറിയിരുന്നു. ശസ്ത്രക്രിയേതര ചികിത്സയെക്കുറിച്ചുള്ള പ്രത്യേക സെഷനും ഏറെ ശ്രദ്ധ നേടി. ദേശീയ അന്തർദേശീയ തലത്തിലുള്ള പ്രമുഖരായിരുന്നു സെഷനുകൾക്ക് നേതൃത്വം നൽകിയത്. രോഗപ്രതിരോധം, പരിശോധന, ചികിത്സ എന്നിവയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങളെ കുറിച്ചുള്ള ചർച്ചകൾ, സമ്മേളനത്തിൽ പങ്കെടുത്തവർക്ക് വേറിട്ട അനുഭവമാണ് സമ്മാനിച്ചത്.

ദഹനനാളത്തിലെ ക്യാൻസറുകളെക്കുറിച്ചുള്ള ബോധവൽക്കരണവും ചികിത്സയും ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന പ്രൊഫഷണൽ സംഘടനയാണ് ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ ഓങ്കോളജി സൊസൈറ്റി.

# ടാറ്റാ എ ഐ എ ഹെൽത്ത് ബഡ്ഡി അവതരിപ്പിച്ചു

**കൊച്ചി:** ടാറ്റ എഐഎ ഹെൽത്ത് ബഡ്ഡി അവതരിപ്പിച്ചു. ആരോഗ്യം, വെൽനസ്, ലൈഫ് ഇൻഷുറൻസ് എന്നിവ തടസ്സമില്ലാതെ സംയോജിപ്പിച്ച്, ജീവിതത്തിന്റെ അനിശ്ചിതത്വങ്ങളെ നേരിടാൻ ഉപഭോക്താക്കളെ പ്രാപ്തരാക്കുന്ന വിർചൽ പാർട്ട്ണറാണ് ടാറ്റ എഐഎ ഹെൽത്ത് ബഡ്ഡിയെന്ന് ടാറ്റ എഐഎ, ഓൾട്ടർനേറ്റ് ആൻഡ് എമർജിംഗ് ചാനൽസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ ജീലാനി ബാഷ പറഞ്ഞു. ആരോഗ്യ ഇൻഷുറൻസിനെയും വെൽനസിനെയും ജനങ്ങളോട് കൂടുതൽ അടുപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹെൽത്ത് ബഡ്ഡി എന്ന ഭാഗ്യ മുദ്ര പുറത്തിറക്കുന്നത്.

പരമ്പരാഗത ഇൻഷുറൻസിനപ്പുറമുള്ളതാണ് ടാറ്റാ എഐ എ ഹെൽത്ത് ബഡ്ഡി നൽകുന്ന സേവനങ്ങൾ. ഇത് ഉപഭോക്താവിന്റെ ആവശ്യാനുസൃതമായ പിന്തുണാ സംവിധാനം സൃഷ്ടിക്കുന്നു. ഓരോ ഘട്ടത്തിലും ക്ഷേമത്തോടെ ഇരിക്കാനും ജീവിതത്തിൽ സംഭവിക്കുന്ന കാര്യങ്ങളെ നേരിടാനുള്ള പ്രാപ്തി നേടാനും സാധിക്കുന്ന തരത്തിലാണ് ഹെൽത്ത് ബഡ്ഡി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

കുടുംബങ്ങൾക്ക് ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കാനും എല്ലാവർക്കും അവരുടെ സൗഖ്യ യാത്രയിൽ പിന്തുണ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ഇത് അവസരമൊരുക്കുന്നു. ഹെൽത്ത് ബഡ്ഡിക്കൊപ്പം സമഗ്ര ആരോഗ്യ സൗഖ്യ പരിരക്ഷ ഉറപ്പാക്കുന്ന ഇൻഷൂറൻസ് പ്ലാനായ ഹെൽത്ത് എസ്ഐപിയും ടാറ്റ എഐഎ അവതരിപ്പിച്ചു. ആരോഗ്യ കവറേജിനെ സമ്പത്ത് സൃഷ്ടിക്കലുമായി സംയോജിപ്പിക്കുന്ന ഒരു നോൺപാർട്ടിസിപ്പേറ്റിംഗ്, യൂണിറ്റ്‌ലിങ്ക്ഡ് ഹെൽത്ത് ഇൻഷുറൻസ് പ്ലാനാണ് ഇത്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663